# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3112

15.12.2015-ൽ മറുപടിക്ക്

## വസ്തു രജിസ്ട്രേഷൻ മുഖേനയുള്ള വരവ്

**ചോദ്യം**

**ശ്രീമതി.കെ.എസ്.സലീഖ**

**ഉത്തരം**

**ശ്രീ.അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് വസ്തു രജിസ്ട്രേഷന്റെ എണ്ണം ദിനംപ്രതി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ; 2011 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര രജിസ്ട്രേഷനാണ് സംസ്ഥാനത്ത് നടന്നതെന്നും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ എത്ര തുക സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

എ) ഓരോ വർഷവും രജിസ്ട്രേഷന്റെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. 2011-12 മുതലുള്ള ആധാരങ്ങളുടെ എണ്ണവും രജിസ്ട്രേഷൻ ഫീസും സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആധാരങ്ങളുടെ എണ്ണം | രജിസ്ട്രേഷൻ ഫീസ് (തുക കോടിയിൽ) |
|---|---|---|
| 2011-12 | 1310573 | 755.77 |
| 2012-13 | 1278072 | 713.00 |
| 2013-14 | 1179064 | 775.98 |
| 2014-15 | 1053918 | 764.79 |
| 2015-16 (നവംബർ വരെ) | 646302 | 533.40 |

ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും വസ്തുവിന്റെ ന്യായവിലയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്നും ആയതിന് സർക്കാരിനു ലഭിച്ച ആകെ തുക എത്രയെന്നും വ്യക്തമാക്കുമോ;

ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് ഒരു പ്രാവശ്യം മാത്രമാണ് ന്യായവില വർദ്ധിപ്പിച്ചത്. 01.04.2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായവിലയിൽ 50% വർദ്ധനവ് 14.11.2014-ലെ G.O(P)188/14/TD നമ്പർ വിജ്ഞാപനം മുഖേന 17.11.2014-ൽ നിലവിൽ വന്നു. 2014 ഒക്ടോബർ മാസം വരെയുള്ള വരുമാനവും ന്യായവില വർദ്ധിപ്പിച്ച ശേഷമുള്ള 2015 ഒക്ടോബർ മാസം വരെയുള്ള വരുമാനവും താരതമ്യം ചെയ്തതിൽ ഈ സാമ്പത്തിക വർഷം വരുമാനത്തിൽ 121.63 കോടി രൂപയുടെ വർദ്ധനവാണുള്ളത്.

സി) ന്യായവില ഉയർത്തുന്നുവെങ്കിലും സർക്കാരിന്റെ വരുമാനത്തിൽ കുറവ് വരുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ

സി) 2014 നവംബറിലാണ് ന്യായവില വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായത്. 2014 ഒക്ടോബർ മാസം വരെയുള്ള വരുമാനവും

ഇത് പരിശോധിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

ന്യായവില വർദ്ധിപ്പിച്ച ശേഷമുള്ള 2015 ഒക്ടോബർ മാസം വരെയുള്ള വരുമാനവും താരതമ്യം ചെയ്തതിൽ ഈ സാമ്പത്തിക വർഷം വരുമാനത്തിൽ 121.63 കോടി രൂപയുടെ വർദ്ധനവാണുള്ളത്.

ഡി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ എപ്പോഴെല്ലാം സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്/വർദ്ധനവ് നടത്തിയെന്നും ആയതുവഴി സർക്കാരിന് ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; ഇവയിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്താണ് എന്നും അത് പരിഹരിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

ഡി) വിവിധ കരണങ്ങളുടെ മുദ്രനിരക്ക് കാലോചിതമായി വർദ്ധിപ്പിക്കുകയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് / വർദ്ധനവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച തുകയുടെ പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ഇ) ഈ സർക്കാർ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ വ്യാപകമായ അഴിമതി നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി; എത്ര തുക ഇതിലൂടെ കണ്ടെടുത്തു; ഏതെല്ലാം ഉദ്യോഗസ്ഥർ ഇതുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ടുവെന്നും അവർക്കെതിരെ സ്വീകരിച്ച (വകുപ്പ്തല/ ക്രിമിനൽ) നടപടികൾ എന്തൊക്കെ യാണെന്നും വ്യക്തമാക്കുമോ?

ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പുതല റെയ്ഡുകൾ ഒന്നും നടത്തിയിട്ടില്ല. വിജിലൻസ് വകുപ്പ് നടത്തിയ റെയ്ഡുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ